# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി

## 18.12.2012-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം വൈകുന്നേരം 4.45-ന് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ നിയമസഭാ മന്ദിരത്തിലെ അദ്ദേഹത്തിന്റെ ചേമ്പറിൽ ബഹു.നഗരകാര്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 13.12.2012-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 2012-13 വാർഷിക പദ്ധതി രൂപീകരണത്തിന്റെ പുരോഗതി അവലോകനം

2.1.1 ആകെ 1208 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 185097 പ്രോജക്ടുകളുടെ ഡാറ്റാഎൻട്രി നടന്നതായി വ്യക്തമായി. 977 ഗ്രാമപഞ്ചായത്തുകളിലായി 145728 പ്രോജക്ടുകളും, 152 ബ്ലോക്ക് പഞ്ചായത്തുകളിലായി 12781 പ്രോജക്ടുകളും, 60 മുനിസിപ്പാലിറ്റി കളിലായി 13873 പ്രോജക്ടുകളും 14 ജില്ലാ പഞ്ചായത്തു കളിലായി 7923 പ്രോജക്ടുകളും 5 കോർപ്പറേഷനുകളിലായി 4794 പ്രോജക്ടുകളുമാണ് ഡാറ്റാഎൻട്രി നടത്തിയിട്ടുള്ളത്. ഇവയിലെല്ലാം കൂടി 140087 പ്രോജക്ടുകളുടെ വെറ്റിംഗ് പൂർത്തീകരിച്ച് അംഗീകാരം ലഭിച്ചിട്ടുണ്ട്.

2.1.2 കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.12.2012-ന് നടക്കുന്ന അടുത്ത യോഗത്തിൽ 2012-13 വാർഷിക പദ്ധതി രൂപീകരണത്തിന്റെ സ്ഥിതി വിവരങ്ങൾ വിശദമായി പരിശോധിക്കാൻ തീരുമാനിച്ചു

3. **പ്രത്യേക വിഷയങ്ങൾ**

**3.1 വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് (ഫയൽ നം.72094/ഇ.എം1/12/തസ്വഭവ)**

തൃശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ പ്രസിഡന്റ് ഉൾപ്പെടെയുള്ള അംഗങ്ങളെ രണ്ടുമാസത്തേയ്ക്ക് അയോഗ്യത കൽപ്പിച്ചതു മൂലം പദ്ധതി രൂപീകരണ പ്രക്രിയ വൈകിയതിനാൽ ഈ പഞ്ചായത്തിലെ പ്രോജക്ടുകളുടെ ഓൺലൈൻ ഡാറ്റാഎൻട്രി നടത്തേണ്ട സമയപരിധി 2013 ജനുവരി 15 വരെയും വെറ്റിംഗ് നടത്തേണ്ട സമയപരിധി ജനുവരി 31 വരെയും ദീർഘിപ്പിച്ചു നൽകാൻ തീരുമാനിച്ചു.

ഈ തീരുമാനം കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായ ത്തിനും ബാധകമാക്കി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 മുഖത്തല ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.73291/ഡി.ഡി./12/തസ്വഭവ)**

ബ്ലോക്കുപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന റോഡുകളുടെ വീതിയെ സംബന്ധി ച്ചിടത്തോളം പി.എം.ജി.എസ്.വൈ മാനദണ്ഡങ്ങൾ ബാധകമാക്കാൻ 13.12.2012-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ തീരുമാനം നിലവിലുള്ളതിനാൽ ആയത് മുഖത്തല ബ്ലോക്ക് പഞ്ചായത്തിനും ബാധകമായിരിക്കുമെന്ന് കമ്മിറ്റി അഭിപ്രായപ്പെട്ടു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 കോതമംഗലം മുനിസിപ്പാലിറ്റി**

മുനിസിപ്പൽ ചെയർമാന്റെ ഉപയോഗത്തിനായി പുതിയ കാർ വാങ്ങണമെന്ന ആവശ്യം നിലവിലുള്ള ഉയർന്ന പരിധിയായ 10 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി നടപ്പിലാക്കാൻ അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് സമർപ്പിച്ച നിവേദനം**

ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന റോഡുകളുടെ വീതിയിൽ വീണ്ടും ഇളവു വരുത്തണമെന്നും മറ്റുമുള്ള ആവശ്യങ്ങൾ ഈ വർഷം പരിഗണിക്കേണ്ടതില്ലെന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്**

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വിവിധ ജലോത്സവങ്ങൾക്കായി സാമ്പത്തിക സഹായം നൽകണമെന്നുണ്ടെങ്കിൽ ആയത് തനതുഫണ്ടിൽ നിന്നും നൽകാവുന്നതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം വൈകുന്നേരം 6.30-ന് അവസാനിച്ചു)